(ബി) ഉന്നതങ്ങളിൽ നിന്നുമുണ്ടാകുന്ന നിയമവിരുദ്ധ നിർദ്ദേശങ്ങളും സമ്മർദ്ദങ്ങളും പോലീസ് സേനയുടെ മനോവീര്യം തകർക്കുന്നതായി അറിയാമോ ;

(സി) ഇതുമൂലം പോലീസ് ഉദ്യോഗസ്ഥർ ലീവ് എടുത്ത് പോയിട്ടുള്ളതും ജോലിയിൽ തുടരാൻ പ്രയാസപ്പെടുന്നതുമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം നിർദ്ദേശങ്ങൾ നൽകുന്നതായോ സമ്മർദ്ദങ്ങൾ പ്രയോഗിക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

30 (*480) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനങ്ങൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് കുറ്റമറ്റതും ശാസ്ത്രീയവുമായ രീതി അവലംബിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ യന്ത്രഭാഗങ്ങളുടെ കുറ്റമറ്റതും ശാസ്ത്രീയമായതുമായ പരിശോധന നടത്തി വാഹന ഗതാഗതം സുഗമമാക്കാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ ഒരു ജില്ലയിൽ ഒന്നു വീതവും പിന്നീട് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾക്കു

LIBRARY ARCHIVES Kerala Legislative Assembly

കീഴിലും കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലൈറ്റ് മോട്ടോർ വാഹനങ്ങളാണ് ഇവിടെ പരിശോധന നടത്തുന്നത്. ഭാവിയിൽ എല്ലാത്തരം വാഹനങ്ങളുടെയും പരിശോധന നടത്താൻ ലക്ഷ്യമിട്ടിരിക്കുന്നു.

(സി) കെൽട്രോണുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) കണ്ണൂർ ജില്ലയിലെ എളയാവൂർ, കോഴിക്കോട് ജില്ലയിലെ ചേവായൂർ, തിരുവനന്തപുരം ജില്ലയിലെ പാറശാല എന്നിവിടങ്ങളിൽ ഓരോ കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. മൂവാറ്റുപുഴയിൽ ആരക്കുഴ, തിരുവനന്തപുരത്ത് മുട്ടത്തറ, കോട്ടയത്ത് മോനിപ്പള്ളി എന്നിവിടങ്ങളിൽ കൂടി ഓരോ കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇവ കൂടാതെ ഈ വർഷം ഇനിയും മൂന്ന് കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളുടെ നിർമ്മാണത്തിനു കൂടി പ്ലാൻ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. സ്ഥലലഭ്യതയനുസരിച്ച് ടി ഫണ്ട് വിനിയോഗിച്ച് അവയുടെ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദേശീയ പെൻഷൻ പദ്ധതി

1 (4328) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പെൻഷൻ പദ്ധതി (NPS) നിലവിൽ വന്നശേഷം പി.എസ്.സി. മുഖേന നിയമനം ലഭിച്ച എത്ര ജീവനക്കാരാണ് സർക്കാർ സർവ്വീസിൽ നിലവിലുള്ളത്;

(ബി) ഇതുവഴി എത്ര രൂപയാണ് സർക്കാരിന് പെൻഷൻ വിഹിതമായി ജീവനക്കാർ അടച്ചിട്ടുള്ളത്; ഈയിനത്തിൽ സർക്കാരിന്റെ വിഹിതവും കൂടി എത്ര രൂപയാണ് ഇതുവരെ ലഭ്യമായത് ;

(സി) പ്രസ്തുത തുക എപ്പോൾ എവിടെയാണ് നിക്ഷേപിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) 1-6-2015-ൽ ലഭ്യമായ 04/2015-ലെ ശമ്പള ബില്ലുകളിലെ കണക്കനുസരിച്ച് നിലവിൽ 19306 ജീവനക്കാർ ഉണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly